# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 51 30.11.2015-ലെ മറുപടിക്ക്

## സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ നിയന്ത്രണം

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. സി.എഫ്. തോമസ്
ശ്രീ. മോൻസ് ജോസഫ്
ശ്രീ. റ്റി.യു. കുരുവിള

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 11.10.2013 ലെ സ.ഉ.(പി) നം. 515/2013/ധന, 28/11/2013 ലെ സ.ഉ. (പി) നം. 580/2013/ധന എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ട്. |
| (ബി) | ഇല്ലെങ്കിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ നിന്നും ഡെപ്യൂട്ടേഷൻ അനുവദിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | ഉന്നത ഉദ്യോഗസ്ഥരുടെ ക്ഷാമം അനുഭവിക്കുന്ന കേരള പബ്ളിക് സർവ്വീസ് കമ്മീഷന് അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരുടെ സേവനം വിട്ട് നൽകുവാൻ കഴിയാത്ത അവസ്ഥയാണ് എന്നാണ് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ അറിച്ചിട്ടുള്ളത്. |
| (സി) | എല്ലാ സർക്കാർ ഓഫീസുകളും സർവ്വീസ് ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ? | സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഫയലുകൾ കെട്ടിക്കിടക്കാതിരിക്കുന്നതിനുമായി 04.08.2015 ലെ 12960/എ.ആർ.14 (2)/15//ഉഭവ നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർവ്വീസ് ചട്ടങ്ങളെ സംബന്ധിച്ചും ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഉയർത്തുന്നതിനെ മുൻനിർത്തിയുള്ളതുമായ നിരവധി പരിശീലനങ്ങളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ